# മലർവാടി

കുട്ടികളുടെ ദ്വൈവാരിക

2020 മാർച്ച് 16, പുസ്തകം 40, ലക്കം 10

# മലർമൊഴി



എല്ലാവരും എന്നും വായിക്കേണ്ട രണ്ടു പുസ്തകങ്ങളുണ്ട്. അവനവനൊന്ന്, ചുറ്റുമുള്ള പ്രകൃതി മറ്റൊന്ന്.

– കുഞ്ഞുണ്ണി മാഷ്




മലയാളത്തിലെ വലിയ കവികളിലൊരാളായ കുഞ്ഞുണ്ണി മാഷ് കുട്ടികളുടെ കുട്ടേട്ടനും കൂടിയായിരുന്നു. മലയാള സാഹിത്യത്തെ സമ്പുഷ്ടമാക്കിയ 'കുഞ്ഞുണ്ണി കവിതകളും' കുട്ടികളുടെ കഴിവുകളെ പ്രചോദിപ്പിക്കാനുള്ള ഒട്ടേറെ പുസ്തകങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്.

കുട്ടികളെ വലിയ ഇഷ്ടമായിരുന്നു അദ്ദേഹത്തിന്. മലർവാടി ബാലമാസികയിൽ നീണ്ട വർഷങ്ങൾ 'കുഞ്ഞുണ്ണിമാഷും കുട്ട്യോളും' എന്ന പംക്തി കൈകാര്യം ചെയ്യുകയുണ്ടായി. കുഞ്ഞുണ്ണിമാഷിന്റെ മുകളിൽ കൊടുത്തിരിക്കുന്ന വരികൾ കൂട്ടുകാർ ശ്രദ്ധിച്ചിരിക്കുമല്ലോ.

Editor **T.K. Ubaid** Executive Editor **P.A. Nazimudeen** | Sub Editor **Mehd Maqbool**
Cover **Ameen Vengara** Layout & Graphics **Fasal Edavanakad** | Technical Support **Fahis Ali**
e-mail malarvadimag@gmail.com | **www.malarvadi.net**
Editor 0495 2730727 Circulation 0495 2732555 Manager 0495 2730073 | e-mail **managerprabodhanamclt@gmail.com**

ഒരാൾക്ക് ഏറ്റവും എളുപ്പത്തിൽ മനസ്സിലാക്കാനും നിരീക്ഷിക്കാനും കഴിയുന്ന രണ്ടു കാര്യങ്ങളാണ് അയാളുടെ മനസ്സും, അയാൾ ജീവിക്കുന്ന പ്രകൃതിയും. ഇവയെയും ഒരു പുസ്തകത്തെ പോലെ വായിക്കാനാകുമെന്നാണ് കുഞ്ഞുണ്ണി മാഷ് പറയുന്നത്.

നമുക്ക് പുറത്തുള്ള പ്രകൃതിയെ ഒന്നു നിരീക്ഷിച്ചു നോക്കൂ. സസ്യങ്ങൾ സൂര്യപ്രകാശവും കാർബൺഡൈഓക്സൈഡും സ്വീകരിച്ച് ഇലകളിൽ അവക്കു വേണ്ട അന്നജം നിർമിക്കുന്നു. ഈ പ്രക്രിയയിൽ അവ ഓക്സിജൻ പുറത്തുവിടുന്നു. പ്രാണവായു എന്നറിയപ്പെടുന്ന ഓക്സിജൻ മനുഷ്യർക്കും മറ്റു ജന്തുജാലങ്ങൾക്കും എത്രയോ അനിവാര്യമാണെന്ന് നിങ്ങൾക്ക് അറിയാം. അങ്ങനെ അവ പ്രകൃതിസന്തുലനത്തിൽ വലിയ പങ്കു വഹിക്കുന്നു.

വീശിയടിക്കുന്ന കാറ്റിനെ നോക്കിയാൽ നമുക്കൊന്നു മനസ്സിലാകും, ചെടികളുടെയും ചെറുമരങ്ങളുടെയും വിത്തുകൾക്ക് പരാഗണം നടത്താനുള്ള എത്ര നല്ല മാർഗ്ഗമാണ് അത്! കാറ്റിലും പക്ഷികളുടെ കാലുകളിലും പറ്റിപ്പിടിച്ചു പലയിടത്തെത്തുന്ന വിത്തുകൾ മുളക്കുകയും മരങ്ങളും ചെടികളുമൊക്കെയായി മാറുകയും ചെയ്യുന്നു.

അങ്ങനെ പ്രകൃതിയെ നിരീക്ഷിച്ചാൽ ജീവികളുടെ നിലനിൽപ്പിനു വേണ്ടി എത്ര യുക്തിയുക്തമായ പരസ്പര ബന്ധമാണ് അവക്കിടയിൽ നിലനിൽക്കുന്നതെന്ന് നമുക്ക് മനസ്സിലാക്കാം. ഇങ്ങനെ പ്രകൃതിയെ ഒരു പുസ്തകം പോലെ വീണ്ടും വീണ്ടും വായിക്കാം. പുതിയ അറിവുകൾ ഉൾക്കൊള്ളാം.

ഇതുപോലെ നമ്മുടെ മനസ്സിനെയും നമുക്ക് ഒരു പുസ്തകം പോലെ വായിക്കാം. ഇതിനെ ആത്മപരിശോധനയെന്നോ, സ്വയം അപഗ്രഥനമെന്നോ പറയാം. എന്തുകൊണ്ട് നാം പെട്ടെന്ന് ഒരു ദിവസം ഒരാളോട് ദേഷ്യത്തിൽ പൊട്ടിത്തെറിച്ചു. എന്തുകൊണ്ട് മറ്റുള്ളവരുടെ കണ്ണിൽ ചെറുതായി തോന്നാവുന്ന കാര്യം നമ്മിൽ അമിത സന്തോഷമുണ്ടാക്കി. ആഴത്തിൽ ആത്മപരിശോധന നടത്തിയാൽ നമ്മുടെ മനസ്സിന്റെ ഉള്ളറയിലെ പല കാര്യങ്ങളും ആയിരിക്കാം ഇവക്ക് കാരണമെന്നു മനസ്സിലാക്കിയെടുക്കാം.

അതുകൊണ്ടാണ് കുഞ്ഞുണ്ണിമാഷ് പറഞ്ഞത്, നമ്മുടെ മനസ്സും പ്രകൃതിയും പുസ്തകങ്ങളെപോലെ തന്നെ വായിക്കാമെന്ന്.

● *പി.എ.എൻ*



## മൊണാർക്ക് ശലഭങ്ങൾ

മൊണാർക്ക് എന്ന ചിത്രശലഭങ്ങൾ ദേശാടന ശലഭങ്ങളാണ്. ഇവ നാലായിരം കിലോമീറ്റർ വരെ സഞ്ചരിച്ച് മുട്ടയിടുന്നു. മുട്ട വിരിഞ്ഞ് ശലഭങ്ങളായി ഇവ തിരിച്ച് പറന്ന് തങ്ങളുടെ അമ്മമാർ പുറപ്പെട്ട അതേ സ്ഥലത്ത് എത്തിച്ചേരുന്നു.

ഗ്രീൻപീസിന്റെ ആസ്ഥാനം– ആംസ്റ്റർഡാം